പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1016 05.02.2020 ൽ മറുപടിക്ക്

## നോൺ ബാങ്കിംഗ് ഫൈനാൻസ് മേഖലയിലെ തൊഴിൽ തർക്കങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.ജെ. വിനോദ് | ശ്രീ.ടി. പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) നോൺ ബാങ്കിംഗ് ഫൈനാൻസ് മേഖലയിൽ നിലനിൽക്കുന്ന തൊഴിൽ തർക്കങ്ങളിൽ പരിഹാരം കാണുന്നതിന് തൊഴിൽ വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്; | (എ) തൊഴിൽ തർക്കങ്ങളിൽ യൂണിയനുകളുടെ ഡിമാന്റ് സ്വീകരിച്ച് അനുരഞ്ജന ചർച്ചകൾ ക്രമീകരിച്ച് തർക്കം പരിഹരിക്കാൻ ശ്രമം നടത്തി വരുന്നു. സമരം നിലനിൽക്കുന്ന സ്ഥാപനങ്ങളിൽ അടിയന്തിര ഇടപെടൽ നടത്തി പ്രശ്നപരിഹാരം കാണുന്നതിന് ശ്രമിക്കുന്നുണ്ട്. തൊഴിൽ നിയമങ്ങൾ ലംഘിച്ച് മാനേജ്മെന്റുകൾ തൊഴിലാളി വിരുദ്ധ നടപടി സ്വീകരിക്കുമ്പോൾ നിയമപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മാനേജ്മെന്റിന് നല്കാറുണ്ട്. അനുരഞ്ജന ചർച്ചകളിലൂടെ പരിഹരിക്കപ്പെടാത്ത വിഷയങ്ങൾ ലേബർകോടതി, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ എന്നീ നീതിന്യായ കാര്യാലയങ്ങളിലേയ്ക്ക് അഡ്ജ്യൂഡിക്കേഷന് ശുപാർശ ചെയ്യാറുണ്ട്. |
| (ബി) ഈ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മിനിമം വേതന നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനം 2020 ജനുവരി 16-ാം തീയതിയിലെ GO (P) No. 8/2020/LBR നമ്പരായി (S.R.O. No. 44/2020) പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) മുത്തൂറ്റ് ഫൈനാൻസിൽ നിരന്തരമായി നടക്കുന്ന സമരം മൂലം പ്രസ്തുത സ്ഥാപനത്തിന്റെ പല ബ്രാഞ്ചുകളും പൂട്ടുകയും തൊഴിലാളികൾ തൊഴിൽരഹിതരാകുകയും ചെയ്ത സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) മുത്തൂറ്റ് ഫൈനാൻസിൽ നടക്കുന്ന സമരം ഒത്തുതീർപ്പാക്കുന്നതിനും അവിടെ തുടർച്ചയായ സമരങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും അടിയന്തിര ഇടപെടൽ നടത്തുമോ യെന്ന് അറിയിക്കുമോ? | (ഡി) മുത്തൂറ്റ് ഫിനാൻസുമായി ബന്ധപ്പെട്ട് നിലവിലുള്ള തൊഴിൽ തർക്കം ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ വരികയും ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ഹൈക്കോടതിയുടെ മദ്ധ്യസ്ഥന്റെ കൂടി സാന്നിദ്ധ്യത്തിൽ മാനേജ്മെന്റ്, തൊഴിലാളിയൂണിയൻ പ്രതിനിധികളെ ഉൾപ്പെടുത്തി ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ തർക്ക പരിഹാരത്തിന് ഉർജ്ജിതമായ ശ്രമം നടന്നുവരുന്നു. ഹൈക്കോടതിയുടെ മദ്ധ്യസ്ഥന്റെ കൂടി സാന്നിദ്ധ്യത്തിൽ കൈക്കൊണ്ട തീരുമാനങ്ങളും കരാറും മാനേജ്മെന്റ് ലംഘിക്കുന്ന സാഹചര്യത്തിലാണ് സമരം നീണ്ടുപോകുന്നതിനിടയായിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾക്ക് ബഹു.ഹൈക്കോടതിയുടെ അഭിനന്ദനവും ലഭിക്കുകയുണ്ടായി എന്ന വിവരവും ശ്രദ്ധയിൽപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ